**ALL KERALA TRADE INSTRUCTORS AND TRADESMAN ORGANISATION**
**DEPARTMENT OF TECHNICAL EDUCATION**
Reg. No. 268/92, Govt. Recognised as per G.O. (P) 34/ 92/P&ARD Dated 19.08.1992,
95, Adarsh Nagar, TC No. 17/5144,Plamoodu, Pattom Palace P.O.
THIRUVANANTHAPURAM 4., Kerala- 695 004
Phone: 7012963610
www.akto.org.in
Email: aktostatecommittee@gmail.com

For Internal Circulation only

# AKTO NEWS LETTER

Volume IV Issue :1 August 2021

aktostatecommittee@gmail.com

# 30-ാം സംസ്ഥാന സമ്മേളനം

**2021 ജൂലൈ 1, 2, 3 തീയതികളിൽ നടത്തി**

എ.കെ.ടി.ഒ.യുടെ 30–ാം സംസ്ഥാന സമ്മേളനം ചരിത്രത്തിലാദ്യമായി കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി 2021 ജൂലൈ 1, 2, 3 തീയതികളിൽ മൂന്ന് ദിവസങ്ങളിലായി നടത്തി.




## പൊതുസമ്മേളനം

6pm ന് ഈശ്വരപ്രാർത്ഥനയോടു കൂടി പൊതു സമ്മേളനത്തിന് തുടക്കമായി. സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. സ്വാഗതം ആശംസിച്ചു. സ്വാഗത പ്രസംഗത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ ട്രേഡ് ഇൻസ്ട്രക്ടർ വിഭാഗക്കാരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. അദ്ധ്യക്ഷപ്രസംഗത്തെ തുടർന്ന് നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ സൂചിപ്പിച്ചു. വിവിധ സർവീസ് സംഘടനാ നേതാക്കളായ ശ്രീ. എസ്. ബിനോജ് (ജില്ലാ പ്രസിഡന്റ്, കെ.ജി.ഒ.യു.), ശ്രീ. ടി.എൻ.രമേശ് (ജനറൽ സെക്രട്ടറി, എൻ.ജി.ഒ.സംഘ്), ശ്രീ.സജി ചിറയത്ത് (സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, എൻ.ജി.ഒ. ഫ്രണ്ട്), ശ്രീ.സിബി മുഹമ്മദ് (ജനറൽ സെക്രട്ടറി, എസ്.ഇ.യു.) എന്നിവർ പ്രസംഗിച്ചു. സ്റ്റേറ്റ് ട്രഷറർ ശ്രീ.വി. പി. എൽദോസ് കൃതജ്ഞത പറഞ്ഞു.

*(30 - ാം സംസ്ഥാന സമ്മേളന വീഡിയോ)*

## സന്ദേശം



**ഉണ്ണികൃഷ്ണൻ എ.,**
ആക്റ്റോ സ്ഥാപക നേതാവ്

ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ അന്ന് നേരിട്ടിരുന്ന, അനുഭവിച്ചിരുന്ന അവഗണനയുടെയും മറ്റും ഫലമായി പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ നിന്നാണ് ആദ്യമായി ജീവനക്കാർ സംഘടിക്കാൻ തുടങ്ങിയത്. അങ്ങനെ 1991 ൽ ആക്റ്റോ സംഘടനയ്ക്ക് തുടക്കമായി. സംഘടനയുടെ ആദ്യകാല പ്രസിഡന്റ് തൃശ്ശൂർ എം.ടി.ഐയിൽ നിന്നും വിരമിച്ച ശ്രീ. യു.എസ്. ഭാസ്ക്കരൻ മാഷായിരുന്നു. സംഘടനയുടെ അന്നത്തെ ഓഫീസ് ഷൊർണ്ണൂർ റ്റി.എച്ച്.എസ്.ന് സമീപമായിരുന്നു. 11 പേരായിരുന്നു ആദ്യം സംഘടനയിലുണ്ടായിരുന്നത്. ഇവരുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി മറ്റുള്ള സ്ഥാപനങ്ങളിലും അംഗങ്ങളെ ചേർക്കുകയും സംസ്ഥാന സംഘടന യുണ്ടാക്കുകയും അങ്ങനെ സംഘടനയ്ക്ക് സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്തു.

ജീവനക്കാരുടെ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കാൻ ഒട്ടേറെ സമരങ്ങൾ നടത്തി. നീതിയ്ക്ക് വേണ്ടിയുള്ള പോരാട്ടം കേരള ഹൈക്കോടതി വരെ എത്തി. ഏറെ പിന്തള്ളപ്പെട്ടുപോയ ഒരു വിഭാഗം ജീവനക്കാരുടെ തിരിച്ചുവരവിന്റെ ഐതിഹാസിക കഥകൾ തുടരും. കടമകൾ സുപ്രധാനം. രാജ്യപുരോഗതി സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ. സാങ്കേതിക വിദ്യയിലൂടെ നാം മുന്നോട്ട്....

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് AKTO ഒരുലക്ഷത്തിഒന്ന് രൂപ സംഭാവന ചെയ്തു



ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആൻഡ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ (എ.കെ.ടി.ഒ.) 30–ാമത് സംസ്ഥാന സമ്മേളനം 2021 മെയ് 26 ന് തിരുവനന്തപുരത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ കോവിഡ്–19 വ്യാപനം മൂലം സമ്മേളനം നടത്തുവാൻ സാധിച്ചില്ല. സമ്മേളനത്തിനുവേണ്ടി മാറ്റിവെച്ച ഒരുലക്ഷത്തിഒന്ന് രൂപ (1,00,001 രൂപ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (സി.എം.ഡി.ആർ.എഫ്) സംഭാവന ചെയ്യുവാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത സംഭാവനയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് (കാനറ ബാങ്ക് ഡി.ഡി.നമ്പർ:362722, തിയതി:14/06/2021), സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി ജി.സൂരജ്, സംസ്ഥാന പ്രസിഡന്റ് എസ്.ബിജു, സംസ്ഥാന വൈസ്പ്രസിഡന്റ് എസ്.വത്സലകുമാർ, ഗിരിചന്ദ്രൻ നായർ, ജില്ലാ പ്രസിഡന്റ് പ്രവീൺ കെ. രാജൻ, ജില്ലാ സെക്രട്ടറി കെ. രാജേഷ്കുമാർ എന്നിവരുടെ സാന്നിധ്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി ഡോ.ആർ. ബിന്ദുവിന് കൈമാറി.

## പ്രസിഡന്റിന്റെ കോളം



**ബിജു എസ്.,** പ്രസിഡന്റ്

കോവിഡ് എന്ന മഹാമാരിയെ മറികടന്ന് പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മുപ്പതാം സംസ്ഥാന സമ്മേളനം വിജയകരമായി നടത്തുവാൻ നമുക്ക് കഴിഞ്ഞു. സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സംഘടന എന്ന നിലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരുലക്ഷത്തിഒന്ന് രൂപ സംഭാവന നൽകുവാനും കഴിഞ്ഞു. കോവിഡ് ജീവിതത്തിന്റെ സമസ്ത മേഖലയെയും ബാധിച്ചപ്പോഴും, പരസ്പരം കാണാതിരിക്കുമ്പോഴും സംഘടനാ പ്രവർത്തനങ്ങളിൽ കുറവ് വരാതെ ഓൺലൈൻ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തികൊണ്ട് മുൻപെങ്ങുമില്ലാത്ത വിധം മുന്നേറ്റം നടത്തുവാൻ നമുക്ക് കഴിഞ്ഞു. ജീവനക്കാരുടെ വിവിധ വിഷയങ്ങളിൽ ഇടപെട്ട് പരിഹാരം കാണുവാൻ സംഘടനയ്ക്ക് കഴിയുന്നുണ്ട്. ശ്രീ ഉണ്ണികൃഷ്ണൻ മാഷ് തെളിച്ചു തന്ന ഈ സംഘടിത ശക്തിയുടെ തീ കെടാതെ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമുക്ക് ഒത്തൊരുമയോടെ മുന്നേറാം. ഏവർക്കും എന്റെ സ്നേഹാശംസകൾ.

ജയ് എ.കെ.ടി.ഒ.

## പ്രതിനിധിസമ്മേളനം



പ്രതിനിധി സമ്മേളനത്തിന് സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു അദ്ധ്യക്ഷതവഹിച്ചു. വൈസ് പ്രസിഡന്റ് ശ്രീ.എസ്.വത്സലകുമാർ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷപ്രസംഗത്തെ തുടർന്ന് പ്രതിപക്ഷനേതാവ് ശ്രീ.വി.ഡി. സതീശൻ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. 2019–20, 2020–21 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. അവതരിപ്പിച്ചു. ട്രഷറർ ശ്രീ. വി.പി. എൽദോസ് വരവുചെലവ് കണക്കും അവതരിപ്പിച്ചു. സംസ്ഥാന ഓഡിറ്ററായ ശ്രീ സജികുമാർ ഓഡിറ്റ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തി. തുടർന്ന് വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ സംഘടനാ തലത്തിൽ വരേണ്ട മാറ്റങ്ങളും പ്രവർത്തന മികവും അപാകതകളും ചൂണ്ടിക്കാട്ടി സജീവമായി ചർച്ചയിൽ പങ്കെടുത്തു. ജോയിന്റ് സെക്രട്ടറി ശ്രീ. രഞ്ജിത്ത്കുമാർ കൃതജ്ഞത പറഞ്ഞു.

**2021 ജൂലൈ 2, 2-ാം ദിവസം**

## യാത്രയയപ്പ് സമ്മേളനം


വൈകുന്നേരം 6 മണിയ്ക്ക് ഈശ്വരപ്രാർത്ഥനയോടുകൂടി യാത്രയയപ്പ് സമ്മേളനത്തിന് തുടക്കമായി. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ആന്റണി സിജു ജോർജ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ. അജയകുമാർ പി.ടി. സ്വാഗതം ആശംസിച്ചു. യാത്രയയപ്പ് സമ്മേളനവും സംഘടനയുടെ ഔദ്യോഗിക വെബ്സൈറ്റും സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടർ ഡോ. സിസ തോമസ്സ് ഉദ്ഘാടനം ചെയ്തു. ദീർഘകാലത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന സംഘടനാ അംഗങ്ങൾക്ക് സംസ്ഥാന ട്രഷറർ, ശ്രീ. വി.പി. എൽദോസ്, ജില്ലാ പ്രസിഡന്റ് ശ്രീ. ജീൻ വി.ബി., സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ. എൽദോ കെ.സി. എന്നിവർ ആശംസകൾ അർപ്പിച്ചു. വിരമിക്കുന്ന അംഗങ്ങൾ മറുപടി പ്രസംഗവും സോണൽ സെക്രട്ടറി ശ്രീ. ടി.ഐ. ഷാനവാസ് കൃതജ്ഞതയും രേഖപ്പെടുത്തി.

## സംഘടന സെക്ഷൻ

6pm ന് ആരംഭിച്ച സംഘടന സെക്ഷനിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്.ബിജു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. എൻ.ആർ. ശ്രീജിമോൻ സ്വാഗതം ആശംസിച്ചു. സംസ്ഥാന ട്രഷറർ ശ്രീ. വി.പി. എൽദോസ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി. ബൈലോ ഭേദഗതി അവതരിപ്പിച്ചു. തുടർചർച്ചയിൽ 14 ജില്ലകളിലുമുള്ള പ്രതിനിധികൾ പങ്കെടുത്തു. ബൈലോ ഭേദഗതി യോഗം അംഗീകരിച്ചു. പ്രമേയം അവതരണത്തിലൂടെ വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ അവതരിപ്പിച്ച പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി.ചർച്ച ക്രോഡീകരിച്ചു. തുടർന്ന് പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സമ്മേളനം അംഗീകരിച്ചു. ജില്ലാ സെക്രട്ടറി ശ്രീ. കെ. രാജേഷ്കുമാർ നന്ദി രേഖപ്പെടുത്തി.

**2021 ജൂലൈ 3, മൂന്നാം ദിവസം**

## സമാപന സമ്മേളനം




വൈകുന്നേരം 6ന് ഈശ്വരപ്രാർത്ഥനയോടുകൂടി ആരംഭിച്ച സമാപന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ആന്റണി സിജു ജോർജ് സ്വാഗതം ആശംസിച്ചു. നെന്മാറ എം.എൽ.എ. ശ്രീ. കെ.ബാബു ഉദ്ഘാടനം ചെയ്തു.

2021-22 വർഷത്തെ സംഘടനാ ഭാരവാഹികളെ റിട്ടേണിംഗ് ഓഫീസർ ശ്രീ.എസ്. റോയ്പാലിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്തു. ശ്രീ. ബിജു എസ്. പ്രസിഡന്റ്, ശ്രീ.സൂരജ് ജി. ജനറൽ സെക്രട്ടറി, ശ്രീ. വി.പി. എൽദോസ് ട്രഷറർ ആയും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ദേശീയ ഗാനാലാപനത്തോടു കൂടി 30-ാം സംസ്ഥാന സമ്മേളനം സമാപിച്ചു.



## AKTO സംസ്ഥാന വൈസ് പ്രസിഡന്റ് ഗിരിചന്ദ്രൻ നായർ വിരമിച്ചു

ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ട്രേഴ്സ് ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ (AKTO) സംസ്ഥാന വൈസ് പ്രസിഡന്റ് ആർ. ഗിരിചന്ദ്രൻ നായർ പന്തളം എൻ.എസ്സ്.എസ്സ്. പോളിടെക്നിക് കോളേജ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ സ്ഥാനത്ത് നിന്നും വിരമിച്ചു. 2000-ൽ ട്രേഡ്സ്മാനായിട്ടായിരുന്നു ജോലിയിൽ പ്രവേശിച്ചത്. 2004 -ൽ യൂണിറ്റ് പ്രസിഡന്റ്, പത്തനംതിട്ട ജില്ലാ കമ്മിറ്റിഅംഗമായും പ്രവർത്തിച്ചു. 2007-ൽ പത്തനംതിട്ട ജില്ലാ കമ്മിറ്റിഅംഗം, 2008-ൽ ജില്ലാ ജോയിന്റ് സെക്രട്ടറിയും 2009-ൽ ജില്ലാ സെക്രട്ടറിയുമായി. 2010 മുതൽ ജില്ലാപ്രസിഡന്റായി പ്രവർത്തിച്ചു. 2016 മുതൽ സംസ്ഥാന കമ്മിറ്റി അംഗമായി പ്രവർത്തിച്ചു. 2017-ൽ സംസ്ഥാന ജോയിന്റ് സെക്രട്ടറിയും 2018 മുതൽ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു വരുകയാണ്. 2018 മുതൽ ആക്റ്റോ ന്യൂസ്ലെറ്ററിന്റെ എഡിറ്റോറിയൽ ബോർഡ് അംഗം കൂടിയാണ്. ഭാര്യ എൽ.സുപ്രിയ, മക്കൾ: ജി.എസ്സ്. വിനായക് (10-ാം ക്ലാസ്സ് വിദ്യാർത്ഥി), ജി.എസ്സ്.വിവേക് (8-ാം ക്ലാസ്സ് വിദ്യാർത്ഥി).

## എ.കെ.ടി.ഒ. സംസ്ഥാന തിരഞ്ഞെടുപ്പ് ട്രൈബ്യൂണലിൽ അംഗങ്ങളെ നിയമിച്ചു







11.07.2021ന് നടന്ന സംസ്ഥാന കമ്മിറ്റി യോഗത്തിന്റെ (നമ്പർ: എകെടിഒ/എൽ/106/2021)തീരുമാനങ്ങൾ അനുസരിച്ച്, സംസ്ഥാന തിരഞ്ഞെടുപ്പ് ട്രൈബ്യൂണലിൽ ശ്രീ.കൃഷ്ണമോഹൻ വി. (സി.ഇ.ടി, തിരുവനന്തപുരം), ശ്രീ. ജലാലുദ്ദീൻ കെ. (ടി കെ എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം)ശ്രീമതി. ബേബി എസ്. (ജി.ഇ.സി ശ്രീകൃഷ്ണപുരം, പാലക്കാട്) അംഗങ്ങളെ നിയമിച്ചു. സംഘടനയുടെ ബൈലോ പ്രകാരം ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള നിയമനം നടത്തിയത്.



## എ.കെ.ടി.ഒ. നിവേദനം നൽകി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ വിഭാഗത്തിൽ വരുന്ന ജീവനക്കാരുടെ റേഷ്യോ പ്രോമോഷൻ സംബന്ധിച്ചും 11-ാം ശമ്പള കമ്മീഷൻ ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പ് മന്ത്രിക്ക് എ.കെ.ടി.ഒ. ജനറൽ സെക്രട്ടറി ജി.സൂരജ് നിവേദനം നൽകി. സംസ്ഥാന പ്രസിഡന്റ് എസ്.ബിജു, ഗിരിചന്ദ്രൻ നായർ എന്നിവർ സമീപം.




## കേരള സർവീസ് റൂൾസ് എ.കെ.ടി.ഒ. വെബിനാർ നടത്തി

ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ട്രേഴ്സ് ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷന്റെ (എ.കെ.ടി.ഒ) ആഭിമുഖ്യത്തിൽ 'കേരള സർവീസ് റൂൾസ്' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു വെബിനാർ സംഘടിപ്പിച്ചു. 2021 ജൂലൈ 18 ഞായറാഴ്ച വൈകിട്ട് 7 മണിക്ക് നടത്തിയ പ്രസ്തുത വെബിനാർ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ റിട്ടയേർഡ് അസോസിയേറ്റ് പ്രൊഫസർ എം. ദിനേശ്ബാബു നയിച്ചു.

## 2021-22 വർഷത്തെ ഭാരവാഹികൾ



| സംസ്ഥാന പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറർ |
|---|---|---|
| **BIJU S.** | **SOORAJ G.** | **V.P. ELDHOSE** |
| 9447502592 | 9447208292 | 9846035514 |

### വൈസ് പ്രസിഡന്റുമാർ



| | | | |
|---|---|---|---|
| S.VALSALAKUMAR | ANTONY SIJU GEORGE | SREEJIMON N.R. | AJAYAKUMAR P.T. |
| 9447965149 | 9447922515 | 9946736475 | 9495575721 |

### സെക്രട്ടറിമാർ



| | | | |
|---|---|---|---|
| RANJITHKUMAR G. | ELDHO K.C. | PRABHATH P.V. | SHANAVAS T.I. |
| 9946036003 | 8301931968 | 9495893988 | 9605388131 |

### സോണൽ സെക്രട്ടറിമാർ



| | | | |
|---|---|---|---|
| RAJESH KUMAR K. | JAYARAM A. | ALEYAS PAUL | BYJU U.V. |
| 7907327077 | 9495053005 | 9446219473 | 9946502507 |

## എ.കെ.ടി.ഒ. സംസ്ഥാന സമിതി യോഗം

2021-22 വർഷത്തേയ്ക്ക് തിരഞ്ഞെടുത്ത എ.കെ.ടി.ഒ. സംസ്ഥാന സമിതി അംഗങ്ങളുടെ പ്രഥമ യോഗം 2021 ജൂലൈ 11 ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ ഓൺലൈൻ ആയി ചേർന്നു. നെറ്റ്‌വർക്ക് പ്രശ്നം മൂലം ചുരുക്കം ചില അംഗങ്ങൾക്ക് പങ്കെടുക്കുവാൻ കഴിഞ്ഞില്ല എങ്കിലും ഭൂരിഭാഗം അംഗങ്ങളും പങ്കെടുത്ത യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ആന്റണി സിജു ജോർജ്ജ് സ്വാഗതം ആശംസിച്ചു. ജനറൽ സെക്രട്ടറി ശ്രീ. ജി.സൂരജ് പ്രവർത്തന റിപ്പോർട്ടും 2021-2022 വർഷത്തെ പ്രവർത്തന രൂപരേഖയും അവതരിപ്പിച്ചു. ട്രഷറർ ശ്രീ. വി.പി. എൽദോസ് 2021-2022 വർഷത്തെ ബജറ്റ് അവതരിപ്പിക്കുകയും അംഗങ്ങളുടെ അഭിപ്രായങ്ങൾ, ആശയങ്ങൾ എന്നിവ പൂർണ്ണതോതിൽ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. പുതിയ ഭാരവാഹികൾ ചാർജ്ജെടുത്തു. 2021-2022 വർഷത്തെ മെമ്പർഷിപ്പ്/ വർക്കിംഗ് ഫണ്ട്, സംസ്ഥാനതല മെമ്പർഷിപ്പ് വിതരണോദ്ഘാടനം, വെബിനാർ (കെ.എസ്.ആർ.), 30-ാം സംസ്ഥാന സമ്മേളന ഫണ്ട്/ രസീത് ബുക്ക് സംബന്ധിച്ച്, ഇടുക്കി ജില്ലാ സമ്മേളനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച്, ജില്ലാ പ്രവർത്തക കൺവെൻഷനുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്, ന്യൂസ്‌ലെറ്റർ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്, ചില സ്ഥാപന മേധാവികൾ ഉത്തരവുകൾ കണക്കാക്കാതെ അധ്യാപക വിഭാഗത്തിൽപ്പെടുന്ന സാങ്കേതിക വിഭാഗം ജീവനക്കാരെ സ്ഥാപനത്തിൽ 100% ഹാജരാകുവാൻ നിർബന്ധിക്കുന്നത് സംബന്ധിച്ച്, എന്നീ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. സംസ്ഥാന ഇലക്ഷൻ ട്രൈബ്യൂണലിലേയ്ക്ക് 3 അംഗങ്ങളെ നോമിനേറ്റ് ചെയ്തു. യോഗത്തിൽ പങ്കെടുത്ത എല്ലാ പ്രതിനിധികൾക്കും വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാർ നന്ദി പ്രകാശിപ്പിച്ചു. 9.30പി.എം.ന് യോഗം അവസാനിച്ചു.

## സംസ്ഥാന കമ്മിറ്റിയംഗങ്ങൾ



| | | | | |
|---|---|---|---|---|
| **HILALUDHEEN A.** | **M. NIZAM** | **K. ABDUL REHUMAN** | **ASHRAF Y.** | **RESHMA CHAND** |
| CET, TVM | TKMC Kollam | TKMC Kollam | RIT Kottayam | SNPTC Kottiyam |



| | | | | |
|---|---|---|---|---|
| **SHIHAB A** | **ANURAG B.** | **SUNNY JOSEPH** | **JOSEPH FELIX** | **PAUL JAMES** |
| GPTC Vechoochira | GPTC Vennikulam | THS Kadaplamattom | GPTC Cherthala | Carmel PTC Allappuzha |



| | | | | |
|---|---|---|---|---|
| **ASOKAN T** | **RAJAN K.S.** | **MANUEL P.J.** | **SHESHADRI A.S.** | **VINEESH KUMAR M.** |
| GPTC Kunnamkulam | GPTC Kottayam | THS Mulathuruthi | GPTC Palakkad | GPTC Perinthalmanna |



| | | | | |
|---|---|---|---|---|
| **KABEER K.B.** | **SHINOJKUMAR P.V.** | **SANTHOSH UMAR K.G.** | **ROJI K. PAPPACHAN** | **SUJITHKUMAR K.B.** |
| SSM Poly.College Tirur | SNPTC Kanhangad | GEC Kozhikode | KGPTC Kozhikode | GEC Wayanad |



| | | | | |
|---|---|---|---|---|
| **BIJESH K.** | **SATHEESAN K.** | **THARESH K.P.** | **IBRAHIM KHALEEL N.** | **REGHU C.** |
| THS Sulthanbetheri | GCE Kannur | GPTC Mattanur | THS Mogralputhur | SNPTC Kanhangad |



| | | |
|---|---|---|
| **K.M.NAZAR** | **K.K.HARIKUMAR** | **JIJOMON ABRAHAM** |
| THS Purappuzha | GPTC Muttom | GPTC Kumily |

### യോഗതീരുമാനങ്ങൾ

1. 2021-22 വർഷത്തേയ്ക്കുള്ള മെമ്പർഷിപ്പ് ഫീസ് 20/- രൂപയും വർക്കിംഫണ്ട് 400/- രൂപയും അംഗങ്ങൾക്കായി ആപൽഘട്ടങ്ങളിൽ ആശ്വാസ നിധിയിലേക്കായി 30/- രൂപയും ചേർത്ത് 450/- രൂപ ഓൺലൈനായി ഒറ്റതവണയായി സമാഹരിക്കുവാൻ തീരുമാനിച്ചു.
2. 17/07/2021 or 18/07/2021 എന്നീ ഏതെങ്കിലും തിയതികളിൽ സംസ്ഥാനതല അംഗത്വ വിതരണം ഓൺലൈനായി ഉദ്ഘാടനം ചെയ്യുവാനും അതേ തുടർന്ന് 2 മണിക്കൂർ ദൈർഘ്യം വരുന്ന സർവ്വീസ് ചട്ടങ്ങളെ കുറിച്ച് വെബിനാർ സംഘടിപ്പിക്കുവാനും തീരുമാനിച്ചു.
3 സംസ്ഥാന തല അംഗത്വവിതരണ ഉത്ഘാടനത്തിന് ശേഷം ജില്ലാതല പ്രവർത്തക കൺവെൻഷനിലൂടെ ജില്ലാതല അംഗത്വവിതരണ ഉത്ഘാടനവും തുടർന്ന് യൂണിറ്റുതല ഉത്ഘാടനങ്ങളും ഓൺലൈനായി സംഘടിപ്പിക്കുവാൻ അതാത് ജില്ലാ പ്രസിഡന്റ്, സെക്രട്ടറിമാരെ ചുമതല നൽകുവാനും തീരുമാനിച്ചു.
4. 30-ാം സംസ്ഥാന സമ്മേളനഫണ്ടിനായി വിവിധ യൂണിറ്റുകളിൽ എത്തിച്ചിട്ടുള്ള രസീത് ബുക്കുകളും സമാഹരിച്ച തുകയുണ്ടെങ്കിൽ അതും ചേർത്ത് കഴിവതും വേഗം സംസ്ഥാന ജനറൽ സെക്രട്ടറിയ്ക്ക് കൈമാറേണ്ടതാണ്.
5. ജില്ലാസമ്മേളനം പൂർത്തീകരിക്കാത്ത ഇടുക്കി ജില്ലയിൽ, ജില്ലയിലെ എല്ലാ യൂണിറ്റുകളുമായി ആലോചിച്ച് 2 ആഴ്ചക്കകം പൂർത്തീകരിക്കുവാൻ സോണൽ സെക്രട്ടറി ശ്രീ. ഏലിയാസ് പോൾ അവർകളെ ചുമതലപ്പെടുത്തി.
6. സംഘടനയുടെ ആമുഖവും, പ്രവർത്തന നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി സംസ്ഥാനസമിതി അംഗങ്ങളുടെ ഫോട്ടോയും ഫോൺ നമ്പറുകളും ഉൾപ്പെടുത്തി ന്യൂസ്‌ലെറ്റർ തയ്യാറാക്കുവാൻ തീരുമാനിച്ചു.
7. സംഘടനയുടെ ബൈലോയിൽ ഉൾപെട്ടിരിക്കുന്ന 'സ്റ്റേറ്റ് ഇലക്ഷൻ ട്രൈബൂണലിൽ' കമ്മറ്റി അംഗങ്ങളായി 1. ശ്രീ. കൃഷ്ണമോഹൻ (CET തിരുവനന്തപുരം) 2.ശ്രീ. ജലാലുദ്ദീൻ കെ (TKM കൊല്ലം) 3. ശ്രീമതി. എസ് ബേബി (GEC ശ്രീകൃഷ്ണപുരം) എന്നിവരെ തിരഞ്ഞെടുത്തത് അംഗീകരിച്ചു.
8. ജില്ലാ കമ്മറ്റികൾക്ക് പ്രവർത്തനഫണ്ട് അനുവദിക്കുന്നതിന് മുന്നോടിയായി 2021-22 വർഷത്തെ ജില്ലാതല ബജറ്റ് അവതരിപ്പിച്ച് പാസാക്കിയതിനുശേഷം ജില്ലാസെക്രട്ടറി, ജില്ലാ ട്രഷറർ എന്നിവർ ചേർന്ന് സംഘടനയുടെ പേരിൽ കോ-ഓപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.
9. ജില്ലയിലെ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ അതാത് ജില്ലാ പ്രസിഡന്റ്, ജില്ലാ സെക്രട്ടറിമാർ പൂർണ്ണ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കേണ്ടതാണ്.


## മെമ്പർഷിപ്പ് വിതരണോദ്ഘാടനം

2021–22 അധ്യയന വർഷത്തെസംസ്ഥാനതല മെമ്പർഷിപ്പ് വിതരണോദ്ഘാടനം ഓൺലൈനായി എ.കെ.ടി.ഒ. സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്.ബിജു 2021 ജൂലൈ 18 ഞായറാഴ്ച, വൈകിട്ട് 6.30 ന് നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. ജി. സൂരജ് മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ആന്റണി സിജു ജോർജ് സ്വാഗതവും സംസ്ഥാന ട്രഷറർ ശ്രീ. വി.പി.എൽദോസ്, കൃതജ്ഞതയും രേഖപ്പെടുത്തി. സംസ്ഥാന വൈസ് പ്രസിഡന്റ്മാരായ ശ്രീ.വത്സലകുമാർ, ശ്രീ. എൻ.ആർ. ശ്രീജിമോൻ, ശ്രീ. അജയകുമാർ പി.ടി., സംസ്ഥാന സെക്രട്ടറിമാരായ ശ്രീ. രഞ്ജിത്ത് കുമാർ ജി., ശ്രീ. എൽദോ കെ.സി., ശ്രീ. പ്രഭാത് പി.ബി., ശ്രീ. ടി.ഐ. ഷാനവാസ്, സോണൽ സെക്രട്ടറിമാരായ ശ്രീ. രാജേഷ് കുമാർ കെ, ശ്രീ. ജയറാം എ., ശ്രീ. ഏലിയാസ് പോൾ, ശ്രീ. ബൈജു യു,വി., ജില്ലാ പ്രസിഡന്റ് ശ്രീ. സന്തോഷ് കുമാർ പി.സി., വനിതാ പ്രതിനിധി ശ്രീമതി. രേഷ്മചന്ദ് എസ്., എന്നിവർ ആശംസകൾ അർപ്പിച്ചു.

ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രൊമോഷൻ 1:1:1 ആക്കുക, 11–ാം ശമ്പള കമ്മീഷൻ ഉത്തരവിലെ അപാകതകൾ പരിഹരിക്കുക, സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഉടൻ ഭേദഗതി ചെയ്യുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, ട്രേഡ് ഇൻസ്ട്രക്ടർമാരുടെ ജൂനിയർ സീനിയർ അനോമലി പരിഹരിക്കുക, ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലുള്ള ജീവനക്കാർക്ക് ഡിപ്ലോമ, ബി.ടെക്, എം.ടെക്, പി.എച്ച്.ഡി. കോഴ്സുകളിൽ പഠിക്കാനുള്ള സൗകര്യം അനുവദിക്കുക തുടങ്ങീ ജീവനക്കാരുടെ അവകാശങ്ങൾ നേടിയെടുക്കാൻ ധർണ്ണ ഉൾപ്പെടെയുള്ള പ്രക്ഷോഭ പരിപാടികൾ നടത്തേണ്ട ഈ സാഹചര്യത്തിൽ സംഘടനയുടെ മെമ്പർഷിപ്പ് -പ്രവർത്തന ഫണ്ട് 2021–2022 വിജയിപ്പിക്കുന്നതിന് എല്ലാ ജീവനക്കാരുടേയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കോവിഡ്–19 വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ ഈവർഷത്തെ മെമ്പർഷിപ്പ് ഗൂഗിൾ ഫോം ഉപയോഗിച്ചാണ് നടത്തുന്നത്. പെയ്മെന്റ്, നെറ്റ്ബാങ്കിങ് ഉപയോഗിച്ചോ യുപിഐ (ഗൂഗിൾപേ, ബി.എച്ച്എം., ഫോൺപേ, പേടിഎം.) മോഡിലോ ചെയ്യാവുന്നതാണ്. എല്ലാവരുടെയും സഹകരണവും പങ്കാളിത്തവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

### 2021–22 വർഷത്തെ സംഘടനാ ഭാരവാഹികൾ

| | |
|---|---|
| സംസ്ഥാന പ്രസിഡന്റ് | ശ്രീ. ബിജു എസ്., എസ്.എൻ.പി.ടി.സി. കൊട്ടിയം |
| ജനറൽ സെക്രട്ടറി | ശ്രീ. സൂരജ് ജി., സി.ഇ.റ്റി. തിരുവനന്തപുരം |
| ട്രഷറർ | ശ്രീ. വി.പി. എൽദോസ്, എം.എ.സി.ഇ. കോതമംഗലം |
| വൈസ് പ്രസിഡന്റുമാർ | ശ്രീ. എസ്. വത്സലകുമാർ, ജി.ഇ.സി., കണ്ണൂർ |
| | ശ്രീ. ആന്റണി സിജു ജോർജ്, ജി.ഇ.സി., പാലക്കാട് |
| | ശ്രീ. എൻ.ആർ. ശ്രീജിമോൻ, ജി.റ്റി.എച്ച്.എസ്., സുൽത്താൻ ബത്തേരി |
| | ശ്രീ. അജയകുമാർപി.ടി., ജി.റ്റി.എച്ച്.എസ്., കൊടുങ്ങല്ലൂർ |
| സെക്രട്ടറിമാർ | ശ്രീ. രഞ്ജിത്കുമാർ, ജി.ഇ.സി. പാലക്കാട് |
| | ശ്രീ. എൽദോ കെ.സി., ജി.ഇ.സി. തൃശ്ശൂർ |
| | ശ്രീ. പി.വി.പ്രഭാത്, എസ്.എൻ.പി.റ്റി.സി., കാഞ്ഞങ്ങാട് |
| | ശ്രീ. ഷാനവാസ് ടി.ഐ., എസ്.എസ്.എം. പി.ടി.സി., തിരൂർ |
| സോണൽ സെക്രട്ടറിമാർ | ശ്രീ. കെ.രാജേഷ്കുമാർ, സി.പി.റ്റി. തിരുവനന്തപുരം |
| | ശ്രീ. എ.ജയറാം, എൻ.എസ്.എസ്. പി.ടി.സി., പന്തളം |
| | ശ്രീ. ഏലിയാസ് പോൾ, എം.എ.സി.ഇ., കോതമംഗലം |
| | ശ്രീ. യു.വി.ബൈജു, കെ.ജി.പി.റ്റി.സി., കോഴിക്കോട് |
| ഓഡിറ്റേഴ്സ് | ശ്രീ. സജികുമാർ കെ.കെ., ജി.റ്റി.എച്ച്.എസ്., പാമ്പാടി |
| | ശ്രീ. പ്രവീൺ കെ.രാജൻ, എസ്.എൻ.പി.ടി.സി., കൊട്ടിയം |




സംഘടനയുടെ ഔദ്യോഗിക വെബ്സൈറ്റ് സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടർ **ഡോ. സിസ തോമസ്** ഉദ്ഘാടനം ചെയ്തു.
**www.akto.org.in**

## ജനറൽ സെക്രട്ടറിയുടെ കോളം



രാജ്യപുരോഗതി സാങ്കേതിക വിദ്യയിലൂടെ എന്ന മുദ്രാവാക്യവുമായി ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും ട്രേഡ്സ്മാൻമാരുടെയും ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനായി ശ്രീ. ഉണ്ണികൃഷ്ണൻ മാഷിന്റെ കഠിന പ്രയത്നത്തിലൂടെ 1991 –ൽ ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആൻഡ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ(എ.കെ.ടി.ഒ.) രൂപം കൊള്ളുകയും 1992 ആഗസ്റ്റ് 19 ന് സംഘടനയ്ക്ക് സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്തു. കഴിഞ്ഞ മുപ്പത്തിഒന്ന് വർഷങ്ങളായി എ.കെ.ടി.ഒ യുടെ നിരന്തര സമ്മർദ്ദത്തിന്റെയും പ്രക്ഷോഭത്തിന്റെയും ഫലമായി ഒട്ടേറെ കാര്യങ്ങൾ നേടിയെടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വർക്ക്ഷോപ്പ് അറ്റൻഡർ ട്രേഡ്സ്മാൻ എന്നാക്കി മാറ്റുവാനും ട്രേഡ്സ്മാന്റെ വിദ്യാഭ്യാസ യോഗ്യത ഉയർത്തിയതും 9–ാം ശമ്പളപരിഷ്കരണത്തിലെ ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടറുടെ അനോമലി പരിഹരിച്ചതും ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാനതലത്തിലാക്കി മാറ്റുവാൻ സാധിച്ചതും, 07/07/2021ൽ ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ II തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം അനുവദിച്ചതും, വകുപ്പിലെ അർഹരായ ക്ലാസ്സ് IV ജീവനക്കാർക്ക് ട്രേഡ്സ്മാൻ തസ്തിക മാറ്റനിയമന ഉത്തരവ് ഇറക്കിയതും 12/07/2021ൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിച്ചതും സംഘടനയുടെ ശക്തമായ ഇടപെടൽ മൂലമാണ്. യൂണിറ്റു തലത്തിൽ അംഗങ്ങൾക്ക് നേരിട്ട പ്രശ്നങ്ങളിൽ സംഘടന ശക്തമായി ഇടപെട്ട് പ്രശ്ന പരിഹാരം നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സംഘടന രൂപീകരിക്കുന്നതിനുമുൻപ് നമ്മുടെ ജീവനക്കാർക്ക് പല വിധത്തിലുള്ള ത്യാഗങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ സംഘടനനയുടെ പിറവിയോടെ ജീവനക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അർഹമായ പരിഗണന നേടിയെടുക്കാനും എ.കെ.ടി.ഒ.യ്ക്കു കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കക്ഷി രാഷ്ട്രീയമന്യേ പ്രവർത്തിക്കുന്ന ഏക അംഗീകൃത സർവ്വീസ് സംഘടനയാണ് എ.കെ.ടി.ഒ.

30–താമത് സംസ്ഥാന സമ്മേളനം ചരിത്രത്തിൽ ആദ്യമായി കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി 2021 ജൂലൈ 1, 2, 3 തീയതികളിൽ നടത്തി. പങ്കെടുത്ത ഓരോ അംഗങ്ങൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

11–ാം ശമ്പള പരിഷ്കരണ അനോമലി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിശേഷാൽ ചട്ട ഭേദഗതി എന്നിവയൊക്കെ നമ്മുടെ മുന്നിലുണ്ട്. “ഒറ്റക്കെട്ടായി മുന്നേറുക..., സംഘടനയെ ശക്തിപ്പെടുത്തുക” എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഓരോ ജീവനക്കാരും പ്രവർത്തിക്കുക

**സൂരജ് ജി.,** ജനറൽ സെക്രട്ടറി

**BANK ACCOUNT DETAILS :**

Canara Bank, Branch : 14318-Aluva 683101
A/c No.: 46002200097005
IFSC: CNRB0014318, MICR: 682015908

**Editorial Board**
Sri. Sooraj G., Sri. Biju S., Sri. V.P. Eldhose,
Sri. S. Valsalakumar, Sri. Antony Siju George, Sri.N.R. Sreejimon

*Edited, Printed & Published by : General Secretary, All Kerala Trade Instructors and Tradesman Organization, State Committee. Designed by : Amma Digital Kottayam. Printed at : Dona Colour Printers, Kottayam*